പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –T 3355 12.12. 2014- ലെ മറുപടി

## പ്രവാസി ക്ഷേമ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി. കെ.സദാശിവൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)പ്രവാസി ക്ഷേമ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (എ) വിദേശത്ത് ജോലിചെയ്യുന്നവർക്കും, വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും, കേരളത്തിന് പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി കുറഞ്ഞത് ആറുമാസമായി താമസിച്ചു വരുന്നവർക്കും പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്. അംഗമാകുന്നതിനുള്ള പ്രായം നിലവിൽ 18 നും 55നും മദ്ധ്യേയാണ്. |
| ബി)എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രവാസി ക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) പ്രവാസി കേരളീയ ക്ഷേമ പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.<br>• അഞ്ചുവർഷത്തിൽ കുറയാത്തതും 60 വയസ്സ് വരെ അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ<br>• ആശ്രിതർക്ക് കുടുംബ പെൻഷൻ<br>• അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം നേരിടുകയോ, മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം |

- അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം

- അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായിവരുന്ന സാഹചര്യത്തിൽ ചികിത്സാസഹായം

- വനിതാംഗത്തിനും അംഗങ്ങളുടെ ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായം

- കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാംഗങ്ങൾക്ക് പ്രസവാനുകൂല്യം

- മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള വിദ്യാഭ്യാസ ഗ്രാന്റ്

സെക്ഷൻ ഓഫീസർ